യോടുള്ള പ്രതിഷേധം കാണിച്ചുകൊണ്ട് നിരാഹാരവ്രതം ആരംഭിച്ചിരിക്കുന്നത്. സത്യമായആദർശങ്ങളേയും, ആത്മാർത്ഥതയേയും, മാനുഷികമൂല്യങ്ങളേയും പരിഗണിച്ച് ഇന്നു സത്യാഗ്രഹം അനുഷ്ഠിക്കുന്ന ശ്രീ. ഗോപാലന്റെ സേവനങ്ങളെ മാനിച്ചുകൊണ്ട് ഈ സഭാനടപടികളിൽ പങ്കുകൊള്ളാതിരിക്കുകയാണു വേണ്ടതെന്നുള്ള അഭിപ്രായം എന്റെ പാർട്ടിയിലുള്ളവർക്കും ഉണ്ട്. സത്യാഗ്രഹം അനുഷ്ഠിക്കുന്ന ശ്രീ. ഗോപാലന്റെ സാമീപ്യം ഇന്നത്തെ നിയമസഭാനടപടികളും അവസാനിക്കുന്നതുവരെ ഉണ്ടായിരിക്കുന്നതു നല്ലതാണെന്നാണു എന്റെ കക്ഷിയുള്ള അഭിപ്രായം. അങ്ങനെ ഈ ഹൗസുവിട്ട് സത്യാഗ്രഹം അനുഷ്ഠിക്കുന്ന ശ്രീ. ഗോപാലന്റെ സമീപത്തേയ്ക്കു ഞങ്ങളും പോകുകയാണു. ഏതാനും മണിക്കൂറുകളെങ്കിലും അവിടെ കഴിഞ്ഞുകൂടുകയെന്നുള്ളതു മനുഷ്യസാധാരണമായിരിക്കുമെന്നു ഞങ്ങളും വിചാരിക്കുന്നു. ഇതിനെ സംബന്ധിച്ചുള്ള ഞങ്ങളുടെ പാർട്ടിയുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനു വേണ്ടിയാണു ഞാൻ ഈ അവസരം വിനിയോഗിച്ചിട്ടുള്ളതു.

ശ്രീ. കെ. ഹസ്സൻ ഗനി : സർ, ജനാധിപത്യവിരുദ്ധമായ ഈ ഗവണ്മെന്റിന്റെ പോക്കിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും മറ്റു കക്ഷികളോടു പങ്കുചേരുന്നതിരിക്കാൻ നിവൃത്തിയില്ല. ഭരണകക്ഷിയിൽപ്പെട്ട ഒരംഗം ഇന്നലെ മുതൽ നിയമസഭയുടെ മുമ്പിൽ സത്യാഗ്രഹം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണു. ഇന്നലെ എന്റെ പാർട്ടി എടുത്ത തീരുമാനത്തിന്റെ വെളിച്ചത്തിൽ ഞങ്ങളും അദ്ദേഹത്തോടു പങ്കുചേരാൻ തീരുമാനിച്ചുകഴിഞ്ഞു. അതുകൊണ്ട് ഇന്നത്തെ നിയമസഭാ ചടങ്ങുകളിൽ പങ്കുകൊള്ളാതെ ഞങ്ങളുടെ പാർട്ടിയും ഈ സഭവിട്ടു ഇറങ്ങിപ്പോകാൻ തീരുമാനിച്ചിരിക്കുന്നു.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : സർ, എനിക്കും ഒരു വാക്കു പറയുവാനുണ്ട്. ഈ അവസാനനിമിഷത്തിലെങ്കിലും ഭരണകക്ഷി നേതാക്കന്മാർക്കും ബന്ധപ്പെട്ട മന്ത്രിക്കും നല്ല ബുദ്ധി ഉദിക്കണമെന്നുള്ള ഒരു അപേക്ഷകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു.

(The Members of the Opposition excepting Shri JosephChazhikatt, walked out of the Chamber)

## QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

## ORAL ANSWERS

### പഞ്ചായത്ത് തിരഞ്ഞെടുപ്പ്

* 84. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് കക്ഷിയടിസ്ഥാനത്തിലാണോ നടന്നതു ;

(ബി) ആലപ്പുഴ ജില്ല ഇൻഫർമേഷൻ ആഫീസിൽ കക്ഷിയടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പുഫലം പ്രസിദ്ധംചെയ്യുന്ന ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരമാണോ അങ്ങനെ അതു പ്രസിദ്ധം ചെയ്യുന്നതു ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) അല്ല.
(ബി) ഉണ്ട്.
(സി) അല്ല.

(മി. സ്പീക്കർ : കമ്മ്യൂൺ നമ്പർ 4, 24, 42 ഇവയുടെ ഉത്തരം കൂടെ പറയണം)

പഞ്ചായത്ത് തിരഞ്ഞെടുപ്പ്

* 85. [4] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ഇക്കഴിഞ്ഞ 1963 ഡിസംബർ ആദ്യ ആഴ്ചകൊണ്ട് അവസാനിച്ച പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ആകെ എത്ര സീറ്റുകളിൽ അംഗങ്ങളെ തിരഞ്ഞെടുത്തു ;

(ബി) കോൺഗ്രസ്, പി. എസ്. പി., കമ്മ്യൂണിസ്റ്റ്, ലീഗ് എന്നീ കക്ഷികൾക്ക് എത്ര പഞ്ചായത്തുകളിൽ ഭൂരിപക്ഷം കിട്ടി ;

(സി) കക്ഷിരഹിതർക്ക് ഭൂരിപക്ഷം കിട്ടിയ പഞ്ചായത്തുകളെത്ര ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 7690 സീറ്റുകളിൽ അംഗങ്ങളെ തിരഞ്ഞെടുത്തു.
(ബി) 260.
(സി) കക്ഷി അടിസ്ഥാനത്തിലല്ല മത്സരം നടത്തിയത്.

പഞ്ചായത്ത് തിരഞ്ഞെടുപ്പ്

* 86. [24] ശ്രീ. കെ. എം. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 നവംബർ, ഡിസംബർ മാസങ്ങളിൽ കേരളത്തിൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിനു് മൊത്തം ഗവണ്മെൻറിനു എത്ര ചെലവായി ;

(ബ) ആകെ എത്ര മെമ്പറന്മാർ തിരഞ്ഞെടുക്കപ്പെട്ടു ;

(സി) ഓരോ ഡിസ്ട്രിക്റ്റിലും ശരാശരി എത്ര ശതമാനം പോൾ നടന്നു ;

(ഡി) എത്ര ഏലക്ഷൻ കേസ്സുകൾ ഫയലായിട്ടുണ്ട് ;

(ഈ) ഈ തെരഞ്ഞെടുപ്പു സംബന്ധിച്ചു് സ്റ്റേറ്റിൽ എത്ര ക്രിമിനൽ കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്നു പറയാമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) കിട്ടിക്കഴിഞ്ഞിട്ടില്ല. ഏകദേശം പന്ത്രണ്ടു് ലക്ഷം രൂപ വരുമെന്നു് തിട്ടപ്പെടുത്തിയിരിക്കുന്നു.

(ബി) ഡിസംബർ ആദ്യത്തെ ആഴ്ചകൊണ്ടു് അവസാനിച്ച തിരഞ്ഞെടുപ്പിൽ 7690 പേരെ തിരഞ്ഞെടുത്തു.

(സി) എഴുപത്തിയഞ്ചിനും തൊണ്ണൂറിനും ഇടയ്ക്കു് പോൾ നടന്നു.

(ഡി) 26.

(ഈ) 57.

**Mr. Speaker :** Question No. 42 need not be answered. The Minister has already given the answer to that question during his reply.

LIBRARY ARCHIVES Kerala Legislative Assembly